പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് പദ്ധതി

99 [437] ശ്രീ. വി. ഡി. സതീശൻ:
" തേറമ്പിൽ രാമകൃഷ്ണൻ:
" പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ പദ്ധതിയനുസരിച്ച് എത്രപേരെ വനസംരക്ഷണത്തിനു നിയോഗിച്ചിട്ടുണ്ട്;

(ഡി) അവർക്ക് എന്തു പ്രതിഫലം നൽകുന്നുണ്ട്;

(ഇ) ഇവരുടെ സേവനം കൊണ്ട് എന്തു പ്രയോജനമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് പദ്ധതി 1998 മുതൽ കേരളത്തിൽ നടപ്പാക്കിവരുന്നു. വനസംരക്ഷണത്തിന്റെ ചുമതല വനം വകുപ്പും വനാശ്രിത സമൂഹങ്ങളുമായി യോജിച്ച് നടപ്പാക്കുന്ന പ്രക്രിയയാണ് ഇത്. ഇതിനായി വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ രൂപീകരിക്കുന്നു. വനസംരക്ഷണവും പരിപാലനവും ഈ സമിതികൾ നിർവ്വഹിക്കുന്നു. വനംവകുപ്പ് മേൽനോട്ടം വഹിക്കുന്നു.

(സി) വനസംരക്ഷണം വനസംരക്ഷണ സമിതികളുടെ ചുമതലയാണ്. വനം വകുപ്പ് ഇതിനായി പ്രത്യേകിച്ച് മറ്റാരേയും നിയോഗിക്കേണ്ടതില്ല.

(ഡി) ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

(ഇ) വനസംരക്ഷണ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന വനമേഖലകളിൽ സംരക്ഷണം തൃപ്തികരമായി നടക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ട്. വ്യാജവാറ്റ്, നായാട്ട്, കാട്ടുതീ, കൈയ്യേറ്റം എന്നിവ നിയന്ത്രിക്കുന്നതിൽ വനസംരക്ഷണ സമിതികൾ മികച്ച സേവനം കാഴ്ചവെച്ചതായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly